# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4292 — 13/12/2018-ൽ മറുപടിക്ക്

### കാസർഗോഡ് വൈദ്യുതി ഭവനം

| | ചോദ്യം<br><br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് വൈദ്യുതി ഭവനം നിർമ്മിക്കുന്നത് എവിടെയാണെന്നും ഈ ആവശ്യത്തിന് എത്ര സെന്റ് ഭൂമി ഏത് വകുപ്പിൽ നിന്നാണ് അനുവദിച്ച് കിട്ടിയതെന്നും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് വിദ്യാനഗർ സബ്സ്റ്റേഷൻ പരിസരത്ത് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമിയിലാണ് വൈദ്യുതി ഭവനം നിർമ്മിക്കുന്നത്. |
| (ബി) | വൈദ്യുതിഭവന് തറക്കല്ലിട്ടതെപ്പോഴാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയതെപ്പോഴാണെന്നും വ്യക്തമാക്കാമോ; | (ബി) & (സി) | കാസർഗോഡ് വൈദ്യുതി ഭവനത്തിന് 12.03.2017-ലാണ് തറക്കല്ലിട്ടത്. വൈദ്യുതി ഭവനം ബിൽഡിംഗ് പ്രീ ഫാബ് സാങ്കേതിക വിദ്യ മുഖേന നിർമ്മിക്കാൻ 4.57 കോടി രൂപയ്ക്ക് 06.09.2015-ൽ ഭരണാനുമതി നൽകി. പിന്നീട് പ്രസ്തുത വൈദ്യുതി ഭവനം കൺവെൻഷണൽ രീതിയിൽ നിർമ്മിക്കുന്നതിനായി ബോർഡ് ചെയർമാൻ നിർദ്ദേശം നൽകുകയും, ആയതിനാൽ പരമ്പരാഗത സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ അനുസരിച്ച് തയ്യാറാക്കി വരുന്നു. |
| (സി) | ഭരണാനുമതിയും സാങ്കേതികാനുമതിയും എത്ര രൂപയ്ക്കുള്ളതാണെന്നും ടെണ്ടർ നടപടികൾ പൂർത്തിയായോ എന്നും എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും വ്യക്തമാക്കാമോ; | | |

(..2)

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ ആരാണെന്നും സെലക്ഷൻ നോട്ടീസ് നൽകിയതും കരാറിൽ ഒപ്പുവച്ചതും എപ്പോഴാണെന്നും വ്യക്തമാക്കാമോ; | (ഡി) & (ഇ) | കരാർ ഇതുവരെ നൽകിയിട്ടില്ല. |
| (ഇ) | കരാർ കാലാവധി എത്രയാണെന്നും നിർമ്മാണം ആരംഭിച്ചുവോ എന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ